**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3442</u>** **<u>08-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി അദ്ധ്യാപകസംവരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകനിയമനങ്ങളിൽ ഭിന്നശേഷി സംവരണം ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (എ) | ബഹു. സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 3 0.10.2023, 27.01.2025 തീയതികളിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീക രിച്ചുകൊണ്ടും, പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും സ.ഉ. (കൈ) നം.45/2025/പൊ.വി.വ. തീയതി 24-03-2025 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ. (കൈ) നം.123/2025/പൊ.വി.വ. തീയതി 28-06-2025 പ്രകാരവും സർക്കാർ ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്.<br><br>മാനേജർമാർ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ടി ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തി എംപ്ലോയ്മെന്റ് വകുപ്പിന് കൈമാറും. എംപ്ലോയ്മെന്റ് വകുപ്പ്, ലഭ്യമായ ഉദ്യോഗാർത്ഥികളുടെ പട്ടിക ജില്ലാതല സമിതിയ്ക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് നിയമനത്തിനായി ശുപാർശ ചെയ്യുകയും ചെയ്യും. ഇപ്രകാരം ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ അതത് മാനേജ്മെന്റുകൾ പ്രതിജ്ഞാബദ്ധരാണ്. സമിതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ബഹു. സുപ്രീംകോടതിയുടെയും |

| | | | |
|---|---|---|---|
| | | | ബഹു. ഹൈക്കോടതിയുടെയും നിർദേശങ്ങൾക്കനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ജില്ലകളിൽ ഇതിനായി രൂപീകരിച്ച സമിതികളുടെ ഘടനയും പ്രവർത്തനരീതിയും വിശദമാക്കാമോ; | (ബി) | ബഹു. സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 3 0.10.2023, 27.01.2025 തീയതികളിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീക രിച്ചുകൊണ്ടും, പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും സ.ഉ.(കൈ) നം.45/2025/പൊ.വി.വ. തീയതി 24-03-2025 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ.(കൈ) നം.123/2025/പൊ.വി.വ. തീയതി 28-06-2025 പ്രകാരവും സർക്കാർ ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്.<br><br>മാനേജർമാർ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ടി ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തി എംപ്ലോയ്മെന്റ് വകുപ്പിന് കൈമാറും. എംപ്ലോയ്മെന്റ് വകുപ്പ്, ലഭ്യമായ ഉദ്യോഗാർത്ഥികളുടെ പട്ടിക ജില്ലാതല സമിതിയ്ക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് നിയമനത്തിനായി ശുപാർശ ചെയ്യുകയും ചെയ്യും. ഇപ്രകാരം ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ അതതു മാനേജ്മെന്റുകൾ പ്രതിജ്ഞാബദ്ധരാണ്. സമിതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ബഹു. സുപ്രീംകോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും നിർദേശങ്ങൾക്കനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംവരണതത്വം പാലിച്ച് ഭിന്നശേഷി അദ്ധ്യാപകനിയമനം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ബഹു. സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 3 0.10.2023, 27.01.2025 |

| | | | |
|---|---|---|---|
| | | | തീയതികളിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീക രിച്ചുകൊണ്ടും, പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും സ.ഉ.(കൈ) നം.45/2025/പൊ.വി.വ. തീയതി 24-03-2025 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ.(കൈ) നം.123/2025/പൊ.വി.വ. തീയതി 28-06-2025 പ്രകാരവും സർക്കാർ ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്.<br><br>മാനേജർമാർ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ടി ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തി എംപ്ലോയ്മെന്റ് വകുപ്പിന് കൈമാറും. എംപ്ലോയ്മെന്റ് വകുപ്പ്, ലഭ്യമായ ഉദ്യോഗാർത്ഥികളുടെ പട്ടിക ജില്ലാതല സമിതിയ്ക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് നിയമനത്തിനായി ശുപാർശ ചെയ്യുകയും ചെയ്യും. ഇപ്രകാരം ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ അതതു മാനേജ്മെന്റുകൾ പ്രതിജ്ഞാബദ്ധരാണ്. സമിതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ബഹു. സുപ്രീംകോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും നിർദേശങ്ങൾക്കനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ